ളായാലും, വിഭിന്നങ്ങളായ ഉപസമൂഹങ്ങളിലെ വ്യക്തികൾ തമ്മിൽ വിവാഹബന്ധങ്ങളും അടുത്ത സൗഹാർദവും സ്വകാര്യസ്ഥാപനങ്ങളിൽ പങ്കാളിത്തവും സാധാരണമാവണം. ഈ അർത്ഥത്തിലുള്ള ഉദ്ഗ്രഥനം സോവ്യററ് യൂണിയനിൽ ഏറെക്കുറെ സംഭവിച്ചു കഴിഞ്ഞിട്ടുണ്ട്. നമ്മുടെയും സാമൂഹ്യ ലക്ഷ്യം ഇതിൽക്കുറഞ്ഞ ഒന്നുമായിക്കൂട.

അവശതകൾ നിയമം മുഖേന നീക്കുന്നതുകൊണ്ടു മാത്രം ഉദ്ഗ്രഥനം സ്വയമേവ രൂപം കൊള്ളണമെന്നില്ല. ഭാഷ, മതം, ജാതി, വർഗം മുതലായവയെ ആസ്പദമാക്കിയുള്ള ഇടുങ്ങിയ ഐക്യബോധം ലോകത്തിലെല്ലായിടത്തും അത്യന്തം സുശക്തമാണ്. ഭൂരിപക്ഷം ആളുകളും നിവൃത്തിയുണ്ടെങ്കിൽ സ്വന്തം പരിമിതവൃത്തങ്ങളിൽനിന്ന് പുറത്തു കടക്കാൻ ഇഷ്ടപ്പെടാത്തവരത്രേ. 'ഞങ്ങളും' 'നിങ്ങളും' കൂടിച്ചേർന്ന് 'നമ്മൾ' ആവണമെങ്കിൽ അതിന് ആസൂത്രിതവും ബുദ്ധിപൂർവകവും നിസ്തന്ദ്രവും ദീർഘവും വ്യാപകവും സക്രിയവുമായ പ്രയത്നം ഉണ്ടായേ മതിയാവൂ.

8 സെപ്തംബർ, 1980

# 73. എഴുത്തച്ഛൻ ദേവനാഗരിയിൽ

ഇന്ത്യയുടെ ഔദ്യോഗിക ഭാഷ ഹിന്ദിയാണെന്ന് ഭരണഘടന അനുശാസിക്കുന്നു. ഇതിനർത്ഥം കേന്ദ്രഗവണ്മെൻറിൻെറ ഭരണഭാഷയും, സംസ്ഥാനങ്ങളും കേന്ദ്രഗവണ്മെൻറും തമ്മിലും സംസ്ഥാനങ്ങൾ തമ്മിൽത്തമ്മിലുമുള്ള സമ്പർക്കത്തിൻെറ ഭാഷയും ഹിന്ദി ആയിരിക്കുമെന്നാണ്. ഹിന്ദി വേണ്ടത്ര പഠിച്ചു കഴിഞ്ഞിട്ടില്ലാത്ത ദക്ഷിണേന്ത്യക്കാരുടെ വികാരങ്ങളെ മാനിച്ച് കുറേക്കാലത്തേക്കുകൂടി സഹ ഔദ്യോഗിക ഭാഷയായി ഇംഗ്ലീഷ് തുടരുന്നതാണെന്ന് നെഹ്റുമുതൽ മൊറാർജിവരെയുള്ള പ്രധാനമന്ത്രിമാർ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും, ഇംഗ്ലീഷിൻെറ ഈ പദവി താല്ക്കാലികം മാത്രമാണെന്നും, ശാശ്വതമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് ഹിന്ദിയുടെ ഔദ്യോഗിക ഭാഷാപദവിയാണെന്നുമുള്ള വസ്തുത വിസ്മരിക്കപ്പെടരുത്.

ഹിന്ദിയുടെ ഈ പദവി കുബുദ്ധികളായ ഏതെങ്കിലും ഉത്തരേന്ത്യക്കാരുടെ മാതൃഭാഷാഭ്രാന്തിൽ നിന്ന് ഉത്ഭവിച്ചതല്ല. ജനാധിപത്യ വ്യവസ്ഥിതി അംഗീകരിച്ച ഒരു അവിഭക്തരാഷ്ട്രമായി ഇന്ത്യ നിലനില്ക്കാൻ ആഗ്രഹിക്കുന്നു എന്ന വസ്തുതയാണ് ഹിന്ദിയുടെ ഈ പദവി അനുപേക്ഷണീയമാക്കിത്തീർത്തത്. പ്രായപൂർത്തി വന്ന ഏതൊരു പൗരനും രാജ്യഭരണത്തിൽ സ്വന്തം പ്രതിനിധികൾ മുഖേന പങ്കെടുക്കാനും, ആ ഭരണത്തിൻെറ പല തലങ്ങളിലും നേരിട്ട് ഇടപെടാനും, ഭരണവൈകല്യങ്ങളെ വിമർശിക്കുവാനും അധികാരമുണ്ട് എന്നതത്രേ ജനാധിപത്യത്തിൻെറ മൗലിക ധാരണ. ഈ അധികാരം ശരിക്കു വിനിയോഗിക്കാൻ പൗരനു സാധിക്കണമെങ്കിൽ, അയാൾക്ക് അറിയാവുന്ന ഭാഷയിലായിരിക്കണം രാജ്യത്തിലെ നിയമനിർമാണവും നിയമപരിപാലനവും ഭരണനിർവഹണവും വിദ്യാഭ്യാസവും.

ഒരു രാജ്യത്ത് ഒരു ഭാഷയേ ഉള്ളൂവെങ്കിൽ, ഈ ജനാധിപത്യതത്ത്വം നടപ്പിലാക്കുക അനായാസമായിത്തീരുന്നു. നിർഭാഗ്യവശാൽ മിക്ക രാജ്യങ്ങളിലും ഏതെങ്കിലും ഒരു ഭാഷ സംസാരിക്കുന്ന ഒരു ഭൂരിപക്ഷവും, മററു ചില ഭാഷകൾ സംസാരിക്കുന്ന ന്യൂനപക്ഷങ്ങളും ഉണ്ട് എന്നതാണ് ഇന്നത്തെ നില. അപ്പോൾ ഭൂരിപക്ഷത്തിൻെറ ഭാഷ ഭരണഭാഷയായി ത്തീരുന്നു. ഈ വ്യവസ്ഥിതിയിൽ ന്യൂനപക്ഷങ്ങളുടെ ഭാഷകൾ രണ്ടു

വിധത്തിലുള്ള പെരുമാററത്തിനു വിധേയങ്ങളാവാം. ഒന്നുകിൽ അവ അടിച്ചമർത്തപ്പെടാം. ഗ്രേററ് ബ്രിട്ടനിൽ വെൽഷ്, സ്കോട്ടിഷ് മുതലായ ഭാഷകൾ വളരെ നൂററാണ്ടുകളോളം അടിച്ചമർത്തപ്പെടുകയുണ്ടായി. എങ്കിലും അവസാനം അവ പുനരുജ്ജീവിക്കുകയും, സമരങ്ങളിലൂടെ തങ്ങൾക്കവകാശപ്പെട്ട സ്ഥാനം വീണ്ടെടുക്കുന്നതിനു ശ്രമിക്കുകയും ചെയ്തു. ഈ ശ്രമം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്.

'ന്യൂനപക്ഷങ്ങളുടെ ഭാഷകൾക്ക് അതാതു പ്രദേശങ്ങളിൽ പൂർണമായ അംഗീകരണം നൽകപ്പെടുക എന്നതാണ് ജനാധിപത്യ വ്യവസ്ഥിതിയിൽ കൈക്കൊള്ളാവുന്ന രണ്ടാമത്തെ വികല്പം. ഇവിടെയും രണ്ടു മാതൃകകൾ നമ്മുടെ കൺമുന്നിലുണ്ട്. സ്വിററ്സർലൻഡ്, ബെൽജിയം, യൂഗോസ്ലാവിയ മുതലായ ചെറു രാജ്യങ്ങളിലുള്ളതുപോലെ, രാജ്യത്തിനു മുഴുവനുമായി രണ്ടോ മൂന്നോ ഭരണഭാഷകൾ അംഗീകരിക്കപ്പെടുക എന്നതാണ് ഒരു മാതൃക. പാർലമെൻറിൽ ഈ ഭാഷകളെല്ലാം ഉപയോഗത്തിലിരിക്കും. സർക്കാരിൻെറ അറിയിപ്പുകളെല്ലാം ഈ ഭാഷകളിൽ ഒരേ സമയം പുറത്തു വരും. വിദ്യാഭ്യാസ സമ്പ്രദായത്തിലും എല്ലാ ഭാഷകൾക്കും തുല്യസ്ഥാനം ഉണ്ടായിരിക്കും. രണ്ടോ മൂന്നോ ഭാഷകൾ മാത്രം നിലവിലുള്ള ചെറിയ ജനാധിപത്യ രാജ്യങ്ങളിൽ ഈ മാതൃകയാണ് അഭിലഷണീയം.

എന്നാൽ, ഇരുപതോ മുപ്പതോ വ്യത്യസ്ത ഭാഷകൾ പ്രചരിക്കുന്ന വലിയ ജനാധിപത്യരാജ്യങ്ങളിൽ ഈ മാതൃക നടപ്പിലാക്കുക സാദ്ധ്യമല്ല. അതിനാൽ അവിടെ ഭൂരിപക്ഷത്തിൻെറ ഭാഷ കേന്ദ്രസർക്കാരിൻെറ ഭാഷയായി അംഗീകരിക്കപ്പെടുന്നു. സംസ്ഥാനങ്ങൾ ഭാഷയുടെ അടിസ്ഥാനത്തിൽ രൂപവൽക്കരിക്കപ്പെടുന്നു. ഓരോ സംസ്ഥാനത്തിലും അതാതിടത്തെ ഭാഷ ഭരണത്തിലും വിദ്യാഭ്യാസത്തിലും ഏററവും ഉയർന്ന തലംവരെ ഉപയോഗിക്കപ്പെടുന്നു. ഭൂരിപക്ഷ ഭാഷ സംസാരിക്കാത്ത സംസ്ഥാനങ്ങളിലും ആ ഭാഷ രണ്ടാംഭാഷയായി നിർബന്ധപൂർവം പഠിപ്പിക്കപ്പെടുന്നു. എല്ലാ ഭാഷകളും ഒരുപോലെ രാഷ്ട്രത്തിൻെറ ഭാഷകൾതന്നെ. അവ തമ്മിൽ ഉച്ചനീചത്വഭേദമില്ല. പാർലമെൻറ് മുതലായ, ബഹുഭാഷാഭാഷികൾ മേളിക്കുന്ന, മണ്ഡലങ്ങളിൽ ഓരോ അംഗത്തിനും ഇഷ്ടമുള്ള ഭാഷയിൽ സംസാരിക്കാം. ആ ഭാഷണം ഉടനുടൻ മററു ഭാഷകളിൽ തർജമ ചെയ്യുന്നതിന് വ്യവസ്ഥയുണ്ടായിരിക്കും. സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിലും സംസ്ഥാനങ്ങൾ തമ്മിൽത്തമ്മിലുമുള്ള സമ്പർക്കത്തിനു സംസ്ഥാനത്തിൻെറ ഭരണഭാഷയോ കേന്ദ്രത്തിൻെറ ഭരണഭാഷയോ ഉപയോഗപ്പെടുത്താം. അപ്പോഴും തമ്മിൽത്തമ്മിൽ തർജമയ്ക്ക് അതാതു തലത്തിൽ ഏർപ്പാടുണ്ടായിരിക്കും. ഏതായാലും ഭരണതലത്തിലോ വിദ്യാഭ്യാസതലത്തിലോ ഒരു വിദേശഭാഷ ഒരു സ്വതന്ത്രരാജ്യത്തും ദീർഘകാലം ഉപയോഗിക്കപ്പെടുകയില്ല. സോവിയററ്യൂണിയൻപോലെയുള്ള രാജ്യങ്ങൾ അനുവർത്തിക്കുന്ന മാതൃക ഇതാണ്.

ഈ മാതൃക കൈക്കൊള്ളാനാണ് നമ്മുടെ ഭരണഘടന നിർമിച്ചവരുടെ വിവേകം അവരെ പ്രേരിപ്പിച്ചത്. ഹിന്ദി ഇന്ത്യയുടെ കേന്ദ്രഗവണ്മെൻറിൻെറ ഭരണഭാഷയായിരിക്കണമെന്നു തീരുമാനിച്ചവർ ഭാഷാഭ്രാന്തരായിരുന്നില്ല. ചരിത്രത്തിൻെറയും ഭൂമിശാസ്ത്രത്തിൻെറയും അനുല്ലംഘ്യങ്ങളായ വസ്തുതകളാണ് ഹിന്ദിക്ക് ആ പദവി നേടിക്കൊടുത്തത്.

ഇന്ത്യയിൽ ആധുനികാർത്ഥത്തിൽ ആദ്യമായുണ്ടായ ബഹുജനപ്രസ്ഥാനം രാഷ്ട്രീയമായിരുന്നില്ല, മതപരമായിരുന്നു. ഇസ്ലാം മതവുമായുണ്ടായ സമ്പർക്കത്തിൻെറ പ്രതികരണങ്ങളായി ഉത്തരപഥത്തിലുണ്ടായ വൈഷ്ണവഭക്തിപ്രസ്ഥാനവും സിഖ്മതവുമാണ് ഈ ബഹുജനപ്രസ്ഥാനത്തിൻെറ ആദിമ രൂപങ്ങൾ. ഇവയുടെ ഭാഷയായിരുന്നത് ഉത്തരമധുരാപ്രദേശത്ത്

നിലവിലുണ്ടായിരുന്ന 'ഹിന്ദിയുടെ രൂപമായ 'വ്രജഭാഷ'യായിരുന്നു. പിന്നീട് ഗുജറാത്തുകാരനായ ദയാനന്ദ സരസ്വതി ആര്യസമാജ തത്വങ്ങൾ പ്രചരിപ്പിച്ചപ്പോൾ അദ്ദേഹം മാധ്യമമായി സ്വീകരിച്ചത് വ്രജഭാഷയോടു വളരെ അടുത്തു നിൽക്കുന്നതും ദൽഹിയുടെ പരിസരങ്ങളിൽ പ്രചരിക്കുന്നതുമായ ഹിന്ദിയുടെ ഇന്നത്തെ രൂപമാണ്. ഹിന്ദിയെ രാഷ്ട്രഭാഷയെന്ന നിലയിൽ ആദ്യമായി വീക്ഷിച്ചു പ്രചരിപ്പിച്ചത് ദയാനന്ദസരസ്വതിയത്രേ. ബംഗാളിയായ രാജാറാം മോഹൻറായിയും ഹിന്ദി രാഷ്ട്രഭാഷയാകണമെന്നു വാദിച്ചിരുന്നു. പിൽക്കാലത്ത് ഗുജറാത്തുകാരനായ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ കോൺഗ്രസ് ഈ വാദത്തെ ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ അവിഭാജ്യഭാഗമാക്കിത്തീർത്തു. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനർവിഭജിച്ചതിന്റെയും കേന്ദ്രഭരണഭാഷയായി ഹിന്ദിയും സംസ്ഥാനഭരണഭാഷകളായി പ്രാദേശിക ഭാഷകളും അംഗീകരിച്ചതിന്റെയും രാഷ്ട്രീയവും ചരിത്രപരവും സാംസ്കാരികവുമായ ഈ പശ്ചാത്തലം ഒരിക്കലും മറന്നുകൂടാ.

പല ഭാഷകൾ പ്രചരിക്കുന്ന രാഷ്ട്രങ്ങളെന്ന നിലയിൽ സോവിയറ്റ് യൂണിയനും ഇന്ത്യയും തമ്മിൽ സാമ്യമുണ്ടെങ്കിലും, ഈ രണ്ടു രാഷ്ട്രങ്ങളിലെയും ഭാഷകൾ തമ്മിലുള്ള പരസ്പരബന്ധത്തിൽ കാര്യമായ വ്യത്യാസമുണ്ട്. സോവിയറ്റ് യൂണിയനിൽ ഭൂരിപക്ഷത്തിന്റേതായ റഷ്യൻ ഭാഷ മറ്റു ഭാഷകളെ അപേക്ഷിച്ച് വളരെയധികം വികസിച്ചിട്ടുണ്ട്. പല ന്യൂനപക്ഷ ഭാഷകൾക്കും അവിടെ, 1917-ലെ വിപ്ലവകാലത്ത്, ലിപിതന്നെ ഉണ്ടായിരുന്നില്ല. അതിനാൽ റഷ്യൻഭാഷയുടെ പ്രാധാന്യം മറ്റെല്ലാ ജനവിഭാഗങ്ങളും സ്വമേധയാ സമ്മതിച്ചുകൊടുത്തു. സ്വന്തം ഭാഷയോടൊപ്പം റഷ്യൻ ഭാഷയും പഠിക്കുന്നതിന്റെ മെച്ചം അവർ സ്പഷ്ടമായി കണ്ടു. ദ്വിഭാഷാഭാഷിത്വം അവിടെ വേരുറച്ചു. സംഗതികൾ വഷളാക്കാൻ പുറമെനിന്നുള്ള ഒരു വിദേശ ഭാഷ അവിടെ ചുമത്തപ്പെട്ടിരുന്നുമില്ല. ഒരു വിദേശ ഭാഷ അറിയാമെന്ന ഒറ്റക്കാരണത്താൽ തങ്ങൾക്കു പ്രത്യേകാവകാശങ്ങൾ ഉണ്ടെന്നു വാദിച്ചിരുന്ന ഒരു വരേണ്യ (എലീത്ത്) വർഗം അവിടെ ഉണ്ടായിരുന്നുമില്ല.

ഇന്ത്യയിലെ സ്ഥിതി ഇതല്ലല്ലോ. ഇവിടെ ഹിന്ദിയേക്കാൾ പഴക്കം അവകാശപ്പെടാവുന്ന ഭാഷകളുണ്ട്. ഇന്ത്യയിൽ പതിനാലു ഭാഷകൾക്കെങ്കിലും സ്വന്തമായ ലിപിയും സമൃദ്ധമായ സാഹിത്യവുമുണ്ട്. അതിനാൽ ഹിന്ദി പഠിക്കുന്നതിന്റെ മെച്ചം ഇവിടെ പലർക്കും ബോദ്ധ്യമായില്ല. ഹിന്ദിപ്രചാരത്തെ മഹാത്മാഗാന്ധിയും മറ്റും വീക്ഷിച്ചിരുന്ന രീതിയിൽ രാഷ്ട്രനിർമാണത്തിന്റെ ഒരു ഭാഗമായിട്ടല്ലാതെ, ഹിന്ദി മാതൃഭാഷയായിട്ടുള്ള ഏതാനും ചിലരുടെ സ്വാർത്ഥതാല്പര്യമായി വ്യാഖ്യാനിക്കുന്നവർ ഇവിടെ മുമ്പും കുറവായിരുന്നില്ല. പ്രാദേശികഭാഷാവാദങ്ങളെ ആളിക്കത്തിച്ച് ഇത്തരക്കാർക്കു തമിഴ്നാട്ടിൽ അധികാരത്തിൽ വരാൻ കഴിഞ്ഞു. മറ്റു പല സ്റ്റേറ്റുകളിലും അധികാരത്തിൽ വന്ന കോൺഗ്രസ്സുകാർക്കിടയിൽ തന്നെ ഈ അഭിപ്രായക്കാർക്കു പറയത്തക്ക സ്വാധീനമുണ്ടായിരുന്നുതാനും. ഇംഗ്ലീഷ് പഠിച്ച ന്യൂനപക്ഷമായ വരേണ്യവർഗം ഈ അവസരത്തെ തന്ത്രപൂർവം ഉപയോഗപ്പെടുത്തി. ഇതിന്റെയൊക്കെ ഫലമാണ്, അധികം വിദൂരമല്ലാത്ത ഒരു കാലത്ത് പന്ത്രണ്ടോ പതിനാലോ അതിലധികമോ സ്വതന്ത്രരാജ്യങ്ങളായി ചിതറിപ്പോകുന്നതിലേക്ക് ഇന്ത്യയെ കൊണ്ടെത്തിക്കുവാൻ സാധ്യതയുള്ള ഇവിടത്തെ ഭാഷാവഴക്കുകൾ.

ഇവിടെ മൗലികമായ പ്രശ്നം ഇതാണ്: ഇന്ത്യ ഒരൊറ്റ രാഷ്ട്രമായി തുടരണമോ? 'വേണ'മെന്നാണ് ഉത്തരമെങ്കിൽ (എങ്കിൽ മാത്രം) അടുത്ത പ്രശ്നം ഉത്ഭവിക്കുന്നു. ഏക രാഷ്ട്രമായ ഇന്ത്യയുടെ ഭരണം ജനാധിപത്യാധിഷ്ഠിതമാകണമോ? ഇതിനും ഉത്തരം 'വേണ'മെന്നാണെങ്കിൽ, ഇംഗ്ലീഷി

ന് ഇവിടെ കേന്ദ്രത്തിലോ സംസ്ഥാനങ്ങളിലോ ഭരണഭാഷയായോ വിദ്യാഭ്യാസഭാഷയായോ തുടരുവാൻ യാതൊരവകാശവുമില്ല. കേന്ദ്രഭരണ ഭാഷ ഹിന്ദിയും സംസ്ഥാനഭരണഭാഷ അതാതിടത്തെ മുഖ്യ പ്രാദേശിക ഭാഷയും ആയിത്തീർന്നേ മതിയാവൂ. ഇന്ത്യ അവിഭക്തമായ ഒരു ജനാധിപത്യരാഷ്ട്രമായി തുടരണമെന്ന തീരുമാനത്തിൽനിന്ന് ഉത്ഭവിക്കുന്നതാണ് നമ്മുടെ പ്രസിദ്ധമായ 'ത്രിഭാഷാ നയം'.

സംസ്ഥാനങ്ങളിൽ ഭരണവും വിദ്യാഭ്യാസവും പ്രാദേശിക ഭാഷകളിലാവുമ്പോൾ ഈ ഭാഷകളിൽ ത്വരിതമായ സാഹിത്യവികസനം ഉണ്ടാകാതിരിക്കുകയില്ല. ഇംഗ്ലീഷിന് ഇന്ത്യയിൽ സർവാധിപത്യമുണ്ടായിരുന്ന ഒന്നര നൂററാണ്ടിലേറെകാലത്തുപോലും ഉത്തമമായ സാഹിത്യം ഇന്ത്യയിലുണ്ടായതു് ഇംഗ്ലീഷിലല്ല, പ്രാദേശിക ഭാഷകളിലായിരുന്നു. ഇംഗ്ലീഷിൽ ഇതേവരെ എഴുതപ്പെട്ട ഇന്ത്യൻ സാഹിത്യം (ഇൻഡോ-ആംഗ്ലിയൻ എന്ന വികൃതനാമമാണ് ഇതിനു നൽകപ്പെട്ടിരിക്കുന്നതു്). വാസ്തവത്തിൽ ഇന്ത്യനും ഇംഗ്ലീഷും അല്ലാത്ത ഒരു വിചിത്രസൃഷ്ടി മാത്രമാകുന്നു.

പ്രാദേശികഭാഷകളിൽ അതാതുകാലത്തുണ്ടാവുന്ന സാഹിത്യമാണ് യഥാർത്ഥ ഭാരതീയസാഹിത്യം. പ്രാദേശികഭാഷകളിലൂടെ പ്രകടരൂപം കൈക്കൊള്ളുന്ന ഇന്ത്യയുടെ രാഷ്ട്രചേതനയാണതു്. ഈ സാഹിത്യം ഭാരതീയ ജനതയുടെ യഥാർത്ഥ സാംസ്കാരികപൈതൃകമായിത്തീരണമെങ്കിൽ വിവർത്തനങ്ങളിലൂടെ ഹിന്ദിയിൽ മാത്രമല്ല മററു പ്രാദേശിക ഭാഷകളിലും അതത്രയും ലഭ്യമായിത്തീരണം. ഇതിനുള്ള പരിശ്രമം മുഖ്യമായും നടത്തേണ്ടതു് നാഷണൽ ബുക്ട്രസ്റ്റ്, കേന്ദ്ര സാഹിത്യ അക്കാദമി മുതലായ കേന്ദ്രതലത്തിലുള്ള സംഘടനകളും സ്റ്റേററ് സാഹിത്യ അക്കാദമികൾപോലെയുള്ള പ്രാദേശിക സംഘടനകളുമാണ്. ഈ സംഘടനകളുടെ മുഖ്യ പ്രവർത്തനമേഖലതന്നെ ഇതാണ് എന്നു പറയേണ്ടിയിരിക്കുന്നു.

പല ഗുണങ്ങളുണ്ടെങ്കിലും വിവർത്തനത്തിന് ചില ദോഷങ്ങളുമുണ്ട്. ഒരു കൃതിയുടെ ഭാവം മാത്രമേ വിവർത്തനത്തിലൂടെ മറെറാരു ഭാഷയിലേക്കു പകരുവാൻ കഴിയുകയുള്ള എന്നതാണ് ഇവയിൽ മുഖ്യം. കൃതിയുടെ രൂപം പ്രത്യേകിച്ചും. ഭാഷാപരമായ സവിശേഷതകൾ വിവർത്തനത്തിൽ നഷ്ടപ്പെട്ടുപോകുന്നു. ചിലതരം കൃതികളിൽ ഭാഷാപരമായ സവിശേഷതകൾക്കു വളരെ പ്രാധാന്യമുണ്ട്. കവിത അത്തരത്തിലുള്ള ഒരു സാഹിത്യ വിഭാഗമാകുന്നു. കവിത വിവർത്തനക്ഷമമല്ലെന്നു പറയുന്നതു് ഇക്കാരണത്താലാണ്.

സാധാരണ വായനക്കാർക്കു് അന്യഭാഷയിലുള്ള ഒരു കൃതിയുമായി പരിചയപ്പെടാനുള്ള ഏക മാർഗം വിവർത്തനമാണ്. എങ്കിലും പണ്ഡിതന്മാർക്ക്, മൂലകൃതിയുടെ ഭാഷയിൽ പറയത്തക്ക പരിചയമില്ലെങ്കിൽക്കൂടി മൂലകൃതി വായിച്ചുനോക്കുന്നതു് പല തരത്തിലും പ്രയോജനകരമായിരിക്കും. ഇന്ത്യയിലെ പ്രധാന ഭാഷകളെല്ലാം സംസ്കൃത പ്രഭവങ്ങളോ, ദ്രാവിഡഗോത്രങ്ങളോ ആണല്ലോ. ദ്രാവിഡഭാഷകളിലെല്ലാം ശതാബ്ദങ്ങളിലൂടെ സംസ്കൃതഭാഷ ഗണ്യമായ സ്വാധീനം ചെലുത്തിയിട്ടുമുണ്ട്. അതിനാൽ, ഇന്ത്യയിലെ ഏതെങ്കിലുമൊരു ഭാഷയിൽ കുറെയെങ്കിലും അവഗാഹമുള്ളവർക്കു മറെറാരു ഭാഷയിലെ ഒരു കൃതി വായിച്ചാൽ ചിലതൊക്കെ മനസ്സിലാവും. സംസ്കൃതത്തിലെ ക്ലാസ്സിക്കുകളെ ആശ്രയിച്ചു രചിക്കപ്പെട്ട ഒരു പ്രാദേശിക ഭാഷാകൃതിയാണെങ്കിൽ ഈ എളുപ്പം കൂടുതലായിത്തീരുന്നു. ഉദാഹരണത്തിന്, ഹിന്ദി വളരെയൊന്നും വശമില്ലെങ്കിലും തുളസീദാസ രാമായണം വായിച്ചാൽ മലയാളിക്കു് ആ കൃതിയെപ്പററി ഒരു സാമാന്യധാരണ രൂപവല്ക്കരിക്കാൻ കഴിയും. ഇതുപോലെ തന്നെ, എഴുത്തച്ഛൻെറ രാമായണം വായിക്കുന്ന ഒരു ഹിന്ദി പണ്ഡിതന് ആ ഭക്തകവിയുടെ രചനാസമ്പ്രദായങ്ങളിലേക്കു കുറെയൊക്കെ പ്രവേശ

നം ലഭിക്കുകതന്നെ ചെയ്യും. സ്വന്തം ഭാഷയിൽ ഋജുവായ ഒരു വിവർത്തനംകൂടിയുണ്ടെങ്കിൽ ഈ പ്രവേശം കുറേക്കൂടി അഗാധമായിരിക്കും.

ഇവിടെ പ്രശ്നം ലിപിയുടേതാണ്. തമിഴിലോ കന്നഡത്തിലോ ഉള്ള ഒരു കൃതി വായിച്ചു മനസ്സിലാക്കാൻ ഒരു മലയാളിക്കുള്ള ഏററവും വലിയ തടസ്സം ആ ഭാഷകളിലെ ലിപികളാകുന്നു. ഇന്ത്യയിലെ എല്ലാ ഭാഷകളുടേയും അക്ഷരമാല ഒന്നുതന്നെയാണ്, ലിപികൾക്കേ വ്യത്യാസമുള്ളു. ഈ ലിപികളെല്ലാം അശോകശാസനങ്ങളിൽ കാണുന്ന ബ്രാഹ്മീലിപിയിൽ നിന്ന് ഉത്ഭവിച്ചതാണ്. അച്ചടി നടപ്പാക്കിയ വിദേശീയ മിഷണറിമാർ നിർണായകമായ ഒരു മുഹൂർത്തത്തിൽ പ്രാദേശിക ലിപിഭേദങ്ങൾക്കു ശാശ്വതരൂപം നൽകിയിരുന്നില്ലെങ്കിൽ ഇന്ത്യയിൽ ഇത്രയേറെ ലിപികളുണ്ടാകുമായിരുന്നില്ല.

അതേതായാലും, ഓരോ പ്രാദേശികഭാഷയ്ക്കും അതിൻേറതായ വ്യത്യസ്ത ലിപിയുണ്ടെന്നതാണ് ഇന്നത്തെ യാഥാർത്ഥ്യം. സ്വന്തം ലിപി കൈവിടുവാൻ ഒരു ജനവിഭാഗവും സന്നദ്ധവുമല്ല. ആ നിലയ്ക്ക്, എല്ലാ ഭാഷകളും ഒരു രണ്ടാംലിപിയെന്ന നിലയിൽ ദേവനാഗരികൂടി കൈക്കൊള്ളുന്നതിൻെറ സാദ്ധ്യത ആലോചിച്ചുനോക്കേണ്ടതാണ്. അതായത്, മലയാളപുസ്തകങ്ങൾ മലയാളലിപിയിൽ അടിക്കുന്ന അവസരത്തിൽതന്നെ, ഏതാനും പ്രതികൾ ദേവനാഗരിലിപിയിൽ കൂടി അടിച്ചുനോക്കണമെന്നർത്ഥം. ഹിന്ദി ഒരു നിർബന്ധിത പാഠ്യവിഷയമായതിനാൽ, വിദ്യാഭ്യാസം ലഭിച്ച മലയാളികൾക്കെല്ലാം ദേവനാഗരിലിപി സുപരിചിതമായിരിക്കും. ദേവനാഗരിലിപിയിലൂടെ മലയാളം വായിക്കാനുള്ള പ്രാഥമിക പ്രയാസം എളുപ്പത്തിൽ, തീർന്നുപോകാവുന്നതേയുള്ളു. ഇതിൻെറ പ്രയോജനം മലയാളലിപി അറിയാത്ത കന്നഡക്കാരനോ തെലുങ്കുകാരനോ ഹിന്ദിക്കാരനോ ഒക്കെ ഈ മലയാളകൃതി വേണമെങ്കിൽ വായിക്കാമെന്നതാണ്.

ലഖ്നൗവിലെ 'ഭുവനപാണി ട്രസ്റ്റ്' (പ്രഭാകര നിലയം, 405-128, ചൗപിടയാം റോഡ്, ലഖ്നൗ 226 003) ദേവനാഗരിലിപിയിൽ പ്രസിദ്ധപ്പെടുത്തിയ എഴുത്തച്ഛൻെറ 'അദ്ധ്യാത്മരാമായണം' ആണ് ഭാഷാപ്രശ്നത്തെ സംബന്ധിച്ച് മേൽച്ചേർത്ത ചിന്തകൾ എന്നിൽ ഉളവാക്കിയത്. ഈ പുസ്തകം ഈ രൂപത്തിൽ തയ്യാറാക്കിയതും എഴുത്തച്ഛൻെറ കൃതി ദേവനാഗരിയിൽ പകർത്തിയതും അതിനൊരു സരള ഹിന്ദിവിവർത്തനം എഴുതിയുണ്ടാക്കിയതും ഹൈദ്രാബാദിലെ ഡോ. എൻ. പി. കുട്ടൻപിള്ളയാകുന്നു. അദ്ധ്യാത്മരാമായണം വായിക്കാനാഗ്രഹിക്കുന്ന മലയാളികൾക്ക് ഈ ഗ്രന്ഥം സുഖമായി ഉപയോഗിക്കാം. കഠിനസംസ്കൃതപദങ്ങളുടെ അർത്ഥം അതാതു പേജിൻെറ താഴത്തെ പകുതിയിൽ ചേർത്ത ഹിന്ദി വിവർത്തനത്തിൽനിന്ന് അവർക്കു മനസ്സിലാക്കുകയും ചെയ്യാം. കേരളേതര സംസ്ഥാനങ്ങളിലെ ഹിന്ദിയറിയാവുന്ന പണ്ഡിതന്മാർക്ക് എഴുത്തച്ഛനെ സമീപിക്കാനുള്ള ഏക മാർഗം, ഇന്ന് ഈ പുസ്തകം ആകുന്നു. ദേവനാഗരിലിപിയിൽ അദ്ധ്യാത്മരാമായണം കിളിപ്പാട്ട് പ്രസിദ്ധീകരിക്കുകവഴി ഭുവനപാണി ട്രസ്റ്റും അതിൻെറ ചെയർമാനായ ശ്രീ നന്ദകുമാർ അവസ്തിയും വളരെ വലിയൊരു സേവനമാണ് ചെയ്തിട്ടുള്ളത്. 752 പേജുകളുള്ള ഈ പുസ്തകത്തിന് ഇന്നത്തെ നിലയിൽ നാല്പതു രൂപ വില കൂടുതലാണെന്നു പറഞ്ഞുകൂടാ. സാഹിത്യകുതുകികൾ, പ്രത്യേകിച്ച് 'രാമസാഹിത്യ' പ്രണയികൾ, ഈ ഗ്രന്ഥത്തെ പൂർണമായി ഉപയോഗപ്പെടുത്തുമെന്നു വിശ്വസിക്കുന്നു.